
# DREAMS

DIGITAL MAGACINE



LITTLE KITES

# GHSS PANAMKANDY

2018-19

# സന്ദേശം



അറിവിന്റെ പുതിയ അനുഭവങ്ങളുടെ ലോകത്തേക്കുള്ള വാതിൽ തുറന്നിടലാണ് ഓരോ പഠനപ്രവർത്തനവും ചുറ്റുപാടുകളെ അറിഞ്ഞ് സാമൂഹിക ഇടപ്പെടലുകളിലൂടെയുള്ള പഠനത്തിൽ വിവിധ പ്രവർത്തനങ്ങൾക്ക് ഏറെ പ്രാധാന്യമുണ്ട് എന്നാൽ ഇത്തരത്തിലുള്ള വാതിൽ പുറപഠനത്തിന് പൊതുവിദ്യാലയങ്ങളിൽ അവസരം കുറച്ച മാത്രം ലഭിക്കുന്നവരാണ് സാധാരണക്കാരിൽ സാധാരണക്കാരായവരുടെ മക്കൾ അതുകൊണ്ട് മികച്ച പഠനാനുഭവങ്ങൾ ഈ വിദ്യാർത്ഥികൾക്ക് എത്തികൊടുക്കും എന്നുള്ളത് പൊതുവിദ്യാഭ്യാസവകുപ്പിന്റെ ലക്ഷ്യമാണ് ഈ ഒരു ലക്ഷ്യം മുൻനിർത്തികൊണ്ട് വിദ്യാഭ്യാസവകുപ്പ് ആവിഷ്കരിച്ച അഭിമാനപദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ് പനങ്കണ്ടി ഗവ ഹയർസെക്കണ്ടറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും ഡിജിറ്റൽ മാഗസീനും എല്ലാവിധ ഭാവുകങ്ങളും നേരുന്നു

വി.മോഹനൻ

ഹെഡ് മാസ്റ്റർ

# മുഖമൊഴി

സർഗവൈവിധ്യങ്ങൾ സുഗന്ധം പരത്തുന്ന ക്ലാസ് മുറികളും വിദ്യാലയ പരിസരങ്ങളും പൊതു വിദ്യാലയ പ്രവർത്തനങ്ങളെ ഏറെ സമ്പന്നമാക്കുന്നു പാഠപുസ്തകങ്ങൾക്കപ്പുറത്തു
നിന്ന് ആർജിച്ചെടുത്ത വിജ്ഞാനത്തിനപ്പുറം ജീവിതത്തിൻെറ അലകും പിടിയും കരുത്തോടെ കരുപ്പിടിപ്പിക്കാൻ ധാരാളം അവസരങ്ങൾ ലഭ്യമാകുന്നു

ഈ അവസരത്തിലാണ് അനുഭവങ്ങളുടെ വരയും വരിയും സൂര്യതേജസ്സോടെ ജ്വലിച്ചുനിൽക്കുന്നത് നാം കണ്ടെത്തുകയും തിരിച്ചറിയുകയും ചെയുന്നത് ഇഷ്ടബാല്യത്തിൻെറ കൗമാരത്തിൻെറ കല്പടവുകളിലിരുന്നു വന്നവഴി നോക്കി പുഞ്ചിരിക്കുമ്പോൾ അവിടങ്ങളിൽ കണ്ണീർ മഴയും ചില നേരങ്ങളിൽ അനുഭവങ്ങളുടെ തീച്ചൂളയും നമ്മുടെ അകം പൊള്ളിക്കുന്നു

അധ്യാപകരുടെയും കുഞ്ഞുങ്ങളുടെയും സർഗഭാവനകൾ പീലിവിടർത്തിയാടുന്ന ഈ എഴുത്തുകോണിയുടെ പടവുകളിലെക്ക് നമുക്ക് സശ്രദ്ധം കയറിയിറങ്ങാം

## താളുകൾക്കിടയിൽ

- ഒരു നൊമ്പരപ്പൂ
- നവകേരളം
- അമ്മ
- നാല് മതിൽ കെട്ടിലാവരുത് പെൺജീവിതം
- എത്ര എത്ര മുറിവുകളാണ്
- രാത്രി

# എഡിറ്റോറിയൽ ബോർഡ്

- പ്രധാനധ്യപകൻ-വിമോഹനൻ
- ആസിയ.പി-യു പി എസ് എ
- മിനിഫിലിപ്പ്- വിജു.എസ്.വി
- ഷൗകുമൻ.കെ.പി
- ശോഭനക്കുമാരി
- വിഷ്ണു.കെ.സി
- ആദിത്യ.യു.ആർ
- സഞ്ജന.കെ.എ
- 
- രേഖാചിത്രങ്ങൾ
- ദൃശ്യങ്ങൾ

# ഒരു നൊമ്പരപ്പൂവ്

ജീവിതം ഒരു പുഴപോലെയാണ് ആർക്കുവേണ്ടിയും കാത്തുനിൽക്കാതെ അത് ഒഴുകിക്കൊണ്ടേയിരിക്കുന്നു . ചിലപ്പോൾ സങ്കടങ്ങളുടെ മലവെള്ളപ്പാച്ചിലായി മറ്റൊരിക്കൽ സന്തോഷത്തിന്റെ നീർച്ചാലായി നീനുവിനെ സംബന്ധിച്ചിടത്തോളം ആദ്യത്തേതായിരുന്നു കൂടുതൽ .ജീവിത ദുഃഖങ്ങളുടെ ആ പെരുമഴക്കാലത്താ-

ണ് കച്ചിതുരുമ്പായി അവൾക്ക് ഒരു താൽക്കാലിക ജോലി സ്കൂളിൽ കിട്ടിയത് കുരുന്നുകളുടെ കളിയിലും ചിരിയിലും പകല് മുഴുവൻ അവൾ തന്റെ ദുഃഖങ്ങളെ ഒളിപ്പിച്ചുവച്ചു. രോഗിയായ അമ്മയും ആടിയാടി വരുന്ന അച്ഛനും അവളുടെ പകലുകളിൽ ഇല്ലാതായി.

ഹാജർ പട്ടികയുമായി ക്ലാസിലേക്കു പടികൾ കയറുമ്പോൾ അപ്പു അവളേയും കാത്ത്

നിൽക്കുന്നുണ്ടായിരുന്നു. അപ്പു നീനുവിന്റെ ക്ലാസിലെ കുഞ്ഞുമിടുക്കനാണ്. കൊച്ചരിപ്പല്ലുകളും വിടർന്ന കണ്ണുകളും കിലുക്കാംപെട്ടിപോലുള്ള സംസാരവും

അവന്റെ ആകർഷണങ്ങളായിരുന്നു. "എന്തേ അപ്പൂട്ടാ മുഖത്തൊരു വാട്ടം " ? ചോദ്യം കേൾക്കേണ്ട മാത്രയിൽ അവന്റെ കുഞ്ഞിച്ചുണ്ടിൽ നിന്നും ഉത്തരം എ-

ത്തി തുടങ്ങി . "അമ്മേടെ കല്ല്യാണമായിരുന്നു ടീച്ചറേ ഇന്നലെ , അമ്മ എന്നെ കൂട്ടാതെ പോയി " വാക്കുകളുടെ അവസാനം ഒരു വിതുമ്പലുമായി അവൻ അവളെ

കെട്ടിപ്പിടിച്ചു.സമാനതകളായിരിക്കാം ഒരുവേള അവനെയും അവളേയും ചേർത്തുവയ്ക്കുന്നത് ! കൈക്കുഞ്ഞായിരിക്കുമ്പോൾ ഉപേക്ഷിച്ചുപോയ

അച്ഛൻ, സഹോദരന്റെ തണലിൽ കഴിയുന്ന അമ്മ, മനുഷ്യത്വം തൊട്ടുതീണ്ടാത്ത മാമൻ.ഏതായാലും അവന്റെ അമ്മ ആ നരകത്തിൽ നിന്നും രക്ഷപ്പെട്ടിരിക്കുന്നു .........

ജീവിത പുസ്തകത്തിൽ നിന്നും താളുകൾ  മറിഞ്ഞുകൊണ്ടേയിരുന്നു. ഒരു  പിടി മിഠായിയും നനഞ്ഞ കണ്ണുകളുമായി ഇന്നും അപ്പു നീനുവിനെ കാത്തുനിന്നു.കാരണമന്വേക്കുന്നതിനുമുമ്പത്തന്നെ  അവൻ പറഞ്ഞു തുടങ്ങി."ഞാനിവിടുന്ന് പൂവ്വാട്ടോ.മാമൻ പാലക്കാട് ചായക്കച്ചോടം തുടങ്ങി. അവിടെ പണിക്ക് ചെല്ലാൻ പറഞ്ഞീർക്കണ്"കാതരമായ ആ നോട്ടത്തിന് പകരം സാന്ത്വനത്തിന്റെ ഒരു വാ-
ക്കും പറയാനാകാതെ അവൾ നിസ്സഹായനായി.മുറുകെ കൂട്ടിപ്പിടിച്ച തന്റെ കൈക്കുള്ളി നിന്നും  ഒരു യാത്രാമൊഴിപോലും പറയാതെ ആ കുഞ്ഞു വിരലുകൾ അയഞ്ഞയഞ്ഞു പോകുന്നത് അവൾ അറിയുന്നതേ ഉണ്ടായിരുന്നില്ല.........

ജയശ്രീ .എം.ബി

# നവ കേരളം

കേരളം കണ്ട ഏറ്റവും വലിയ പ്രളയമാണ് ഈ ദിവസങ്ങളിൽ കഴിഞ്ഞത്. ഉരുൾപൊട്ടലും , മണ്ണിടിച്ചിലുംകാരണം ധാരാളം വീടുകളും റോഡുകളും കെട്ടിടങ്ങും കൃഷികളും നശിച്ചു ഈ നവകേരള നിർമിതിക്കായി മുഖ്യമന്ത്രിയുടെദുരിദാശ്വാസനിധിയിലേക്ക് ധാരാളം ആളുകൾ സംഭാവന ചെയ്തു നമ്മെ വേദനിപ്പിച്ചുണ്ടായ ഈ ദുരന്തങ്ങൾക്ക് കൈതാങ്ങായി. മറ്റുള്ളവരെ സഹായിക്കുവാൻ നിറഞ്ഞ മനസ്സോടെ ജാതി ഭേതമില്ലാതെ ആൾക്കാർ ഓടിയെത്തി ദുരന്തത്തിൽ പെട്ടവരെ രക്ഷിക്കാനായി കടലിന്റെ മക്കളായ മത്സ്യബന്ധനക്കാർ ആണ് ആദ്യം മുന്നിട്ടിറങ്ങയത് .നവകേരള നിർമിതിക്കായി ലോട്ടറി ടിക്കറ്റും സഹായിയായി.ഈ പ്രളയ-ത്തിൽ മനുഷ്യർക്ക് വലിയ പങ്കുണ്ട്. പ്രകൃതിയിൽ മനുഷ്യർ നടത്തുന്ന അശാസ്ത്രീയ ഇടപ്പെടലുകളാണ് എല്ലാത്തിനും കാരണം.ഇനിയും വരൾച്ച എന്ന കൊടും പ്രളയം വരുന്നതിനുമുൻപ് നവകേരളനിർമിതിക്കായി നമുക്കൊരുമിച്ച് കൈക്കോർക്കാം...

ആർലിൻ ബെന്നി

അമ്മ

വേയിലേറ്റു  വാടുന്ന  മക്കൾക്ക്
തണലാണ്  എൻ  അമ്മ

കാറ്റാണ്  കടലാണ്  എൻ  ജീവനാണ്
എൻ  അമ്മ.....

വീടിൻെറ  വെളിച്ചമാണ് എൻ  അമ്മ
കരയുന്ന കിടാങ്ങൾക്കു ആശ്വാസ
ദേവതയാണ് അമ്മ

പിഞ്ചുകൈകളിൽ  പിടിച്ച എന്നെ
വേറെ  ലോകത്തേക്ക്  നയിക്കുന്ന
ദൈവമാണ്  അമ്മ

അമ്മ  മനസ്സിൻനിറയും സ്നേഹം
ദൈവത്തിൻ  മറുരൂപമാണല്ലോ അമ്മ

കൊഴിയുന്ന  പൂവിലും  വിരിയുന്ന
സ്നേഹമാണ്  അമ്മ

അനാമിക.പി.ആർ

# നാല്  മതിൽ  കെട്ടിലാവരുത്
# പെൺജീവിതം

ചങ്ങല ബന്ധം അല്ല അവളുടെ  ജീവിതം

നാല്   മതിലുള്ളതല്ല  ജീവിതം
ഇരുളലാവരുത് പെൺ  ജീവിതം

അവളുടെ  നൊമ്പരങ്ങൾ ചിതറിതെറിച്ചതും
മതിൽ

അവളുടെ  കണ്ണുനീർ  ഇരുൾ തൻ
ഘോരയാത്ര
വെളിച്ചത്തെ  അവൾ  ഭയപ്പെട്ടിരുന്നു
അത്രതോളം  ഇരുൾ  കവർനെടുത്തു

മരിച്ച് വെളിച്ചം  തേടിയുളതാണ് ജീവിത
യാത്ര................

നിരഞ്ചൻ

# എത്ര എത്ര മുറിവുകളാണ്

പഠിയ്ക്കാൻ അവൻ മിടുക്കനായിരുന്നു എന്നിട്ടും എത്രയെത്ര മുറിവുകളാണ് മനസ്സിനേറ്റിട്ടുള്ളത്..?
പതിവിലേറെ സന്തോഷത്തിലാണവൻ അന്നു സ്കൂൾ മുറ്റത്തെത്തിയത്. കഴിഞ്ഞവർഷത്തെ പ്രതിഭകളെ ആദരിക്കുന്ന ചടങ്ങാണിന്ന് ചോക്കെടുക്കാൻ ചെന്നപ്പോ സറ്റാഫ് റൂമിൽ നിരത്തിവച്ച ട്രോഫികളിൽ തൻെറ ഫോട്ടോയും കണ്ടിരുന്നു. ടീച്ചർമാർ കാണാതെ അവൻ ആ സ്വർണ നിറമുള്ള പുരസ്കാരങ്ങളിൽ കണ്ണുകൾ കൊണ്ട് തഴുകി. അതേറ്റു വാങ്ങുമ്പോൾ കൂട്ടകാരും മറ്റുള്ളവരും കയ്യടിക്കുന്നതിൻെറ ഹർഷാരവം അവൻെറ ചെവിയിൽ മുഴങ്ങി അച്ഛനുമമ്മയ സദസ്സിൻെറ മുൻനിരയിലിരിക്കണം അമ്മയുടെ പുതിയ ഫോണിൽ ഞാൻ സമ്മനം വാങ്ങുന്ന ഫോട്ടോ എടുക്കണം അച്ഛമ്മയും അമ്മായിക്കും ചന്ദ്രികേച്ചിക്കും കാണിക്കാലോ!!. മനോരാജ്യങ്ങൾ കാറ്റത്തിട്ടു നടക്കുമ്പോ ആ പിഞ്ചുഹൃദയം തുടികൊട്ടുകയായിരുന്നു കമാനച്ചാർത്തിനും പന്തലഴകിനും ചാരെ പരിപാടികൾ ആരംഭിച്ചു. പത്താം ക്ലാസിലും പ്ലസ്ടുവിലും നേട്ടം കൊയ്തെടുത്തവരെ ടീച്ചർ മധുരതരമായി പ്രശംസിച്ചു കൊണ്ട് വേദിയിലേക്കുക്ഷണിച്ചു. കൂടെ കാൽപ്പന്തുകളിയിൽ ദേശീയ താരങ്ങളായവർക്കും നിറഞ്ഞ സദസ്സിനെ സാക്ഷിയാക്കി ആദരം നൽകി എൻെറ പേരിനിയും വിളിച്ചില്ലല്ലോ ടീച്ചറാണെങ്കിൽ കയ്യിൽ പിടിച്ച പേപ്പറിൽ മാത്രമേ നോക്കുന്നുള്ളൂ സദസ്സിലേക്കു നോക്കിയാൽ ആംഗ്യം കാട്ടാമായിരുന്നു. അവനമ്മയെ ഒത്തിരി തവണ തിരിഞ്ഞു നോക്കി ആ മുഖം വാടിയ താമരത്തണ്ടുപോലെ കണ്ണുകൾ കലങ്ങിയിരിക്കുന്നു ആധിയോടെ അവൻ അമ്മയുടെ തൊട്ടടുത്തേക്ക് മാറിയിരുന്നു -എന്നെ വിളിക്കില്ലേ-എന്താമ്മേ-- വാക്കുകൾ പാതിവഴിയിൽ മുറിഞ്ഞു കൊണ്ടേയിരുന്നു. സമ്മാനദാനം ഇവിടെ പൂർണമാകുന്നു ടീച്ചർ പറഞ്ഞു നിർത്തിയപ്പോൾ എം എൽ എ പോകാനെണീറ്റു. അവൻ പിന്നെയൊന്നും കാണുന്നുണ്ടായില്ല വേദിയിൽ

അനാഥമായിരിക്കുന്ന ആ ട്രോഫികൾ..?. പെട്ടന്ന് ക്ഷമാപണം നടത്തിക്കൊണ്ട് ടീച്ചർ അവൻെറ പേര് വിളിച്ചു.ഒട്ടും താൽപര്യമില്ലാതെ, നിസ്സംഗനായി അവൻ വേദിയിലെത്തി-- ആരോ ഒരാൾ അവന് സമ്മാനം നൽകി അമ്മ ഫോട്ടോയെടുത്തില്ല അപ്പോൾ ആ മാതൃഹൃദയം എഴുന്നേറ്റു പോയിരുന്നു പരിപാടികളവസാനിച്ചു. പുറത്തിറങ്ങിയ ടീച്ചർ കണ്ണു തുടയ്ക്കുന്നത് അവൻ മാറി നിന്നു കണ്ടു. അവർ ഓടി വന്ന് ആ നെറുകയിൽ ചുംബിച്ചു. "മോനെ നിൻെറ പേര് തന്ന ലിസ്റ്റിലില്ലായിരുന്നു. എഴുതിത്തന്നപ്പോൾ വിട്ടുപോയതാവാം" വാക്കുകൾ മുറിവേറ്റ കിളി പൈ്പതലായിടറി കടുത്ത ഇച്ഛാഭംഗത്തിൽ ആ ബാലഹൃദയം പിടയുകയാണെന്നവർ തിരിച്ചറിഞ്ഞു. തിരികെ സ്റ്റാഫ് റൂമിലെത്തിയപ്പോൾ മൂടിക്കെട്ടിയ മൗനം വീർപ്പുമുട്ടിച്ചു തൻെറ നിരപരാധിത്വം ആരുമറിയുന്നില്ല. ഞാൻ മനപ്പൂർവ്വം ഒന്നും ആരാണ് ലിസ്റ്റ് തയ്യാറാക്കിയത്? എവിടെയാണ് തെറ്റുപറ്റിയത്? തുടർച്ചയായി ഫോൺ ബെല്ലടിച്ചപ്പോ ഞെട്ടിപ്പോയി അതവൻെറ അച്ഛനായിരുന്നു നിരാശയിലൂന്നിയ അമർഷത്തിൻെറ ആത്മരോഷങ്ങൾ കാതുകളിലേക്ക്. "അവന് സംഭവിച്ചത് ഇനിയൊരിക്കലും തിരിച്ചെടുക്കാനാകാത്ത നഷ്ടമാണെന്ന" ഓർമപ്പെടുത്തലോടെ സംസാരം നിലച്ചു ടീച്ചറുടെ നിലപാടുകൾ കാറ്റിൽ പറന്നു. വീണ്ടും വീണ്ടും ആത്മപരിശോധന നടത്തിക്കൊണ്ട് അവർ പശ്ചാത്താപവിവശയായി ചെയ്യാത്ത തെറ്റിൻെറ ബലിമൃഗമായി സ്വയം എരിഞ്ഞടങ്ങാൻ തുടങ്ങി ആ കണ്ണുകൾ കരയുകയായിരുന്നില്ല കല്ലായി മാറുകയായിരുന്നു

ആസിയ .പി

# രാത്രി

സന്ധ്യാസമയം പാതജനനിബിഢമായിരുന്നു.നിരവധി വാഹനങ്ങൾ പുതുമയുടെ യുവത്വവും പഴമയുടെ വാർധക്യം മുട്ടിയും തട്ടിയും പഞ്ഞും ഇഴഞ്ഞും അങ്ങോട്ടുംമിങ്ങോട്ടും പോകുന്നുണ്ട്അവയുടെ ഇടയിൽക്കൂടി ജീവിതം പുളച്ച്കയറിയും പതുങ്ങിപ്പതുങ്ങിയും ചാഞ്ഞും ചിരിച്ചും കളിച്ചും കരഞ്ഞും അങ്ങനെ അവൻെറ ജീവിതം ഒഴുകിക്കൊണ്ടിരുന്നു ഒരു സന്ധ്യാസമയം അവൻെറ സൈക്കിൾ എടുത്ത് റോഡിലേക്കിറങ്ങി വാഹനങ്ങൾഅങ്ങോട്ടുംഇങ്ങോട്ടുംചീറിപായുന്നു ഭയം കൂടാതെ നുഴഞ്ഞു കയറി അങ്ങനെ അവനറിയാതെ ഒരു സ്ഥലത്തെത്തി ഭയംകൊണ്ട് വിറച്ചു ആ നിമിഷം ഒരു അപരിചിതനെ പരിചയപ്പെട്ടു ഒരു വാക്കുപോലും അവനു മിണ്ടാൻകഴിഞ്ഞില്ല ആ അപരിചിതൻ അവനെയുംകൂട്ടി വീട്ടിലേക്ക് കൊണ്ടു പോയി അപ്പോൾ അവൻ പറഞ്ഞു

"ഞാൻ അനാഥനാണ് എനിക്കാരുമില്ല

ആ വാക്ക് അപരിചിതൻെറ മനസ്സിൽ പതിഞ്ഞു അങ്ങനെ അവൻ വലുതായി ഒരു ശാസ്ത്രജ്ഞനായിമാറി

ഉണ്ണിമായ




സൗഹൃദപച്ചപ്പ്

## കായികം

## ദേശീയതാരങ്ങൾ



